**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 616** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>പരിസ്ഥിതി ലോലമേഖലയിൽ നിന്നും ജനവാസ മേഖല ഒഴിവാക്കാൻ നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. തോമസ് ഉണ്ണിയാടൻ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** കേരളത്തിന്റെ വനമേഖലയോട് ചേർന്ന് കിടക്കുന്ന ഏകദേശം 64 -ഓളം നിയോജക മണ്ഡലങ്ങളിലെ ജനവാസമേഖലകളെക്കൂടി പരിസ്ഥിതിലോല പ്രദേശമായി വിജ്ഞാപനം ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം തടയുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** 27.07.2026-ലെ കേന്ദ്ര കരട് വിജ്ഞാപനത്തിൽ ഉൾപ്പെട്ട കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളെ സംബന്ധിച്ച് സംസ്ഥാന സർക്കാർ വിശദമായി പുനഃപരിശോധന നടത്തി. ജിയോസ്പേഷ്യൽ വിശകലനം, സ്ഥല പരിശോധന, ജില്ലാതല പരിശോധന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധന, പശ്ചിമഘട്ട പരിസ്ഥിതിലോല പ്രദേശ വിദഗ്ദ സമിതിയുമായി ബഹു. മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 15.07.2026-ൽ ഉന്നതതലയോഗം ചേർന്ന് നടത്തിയ വിശദമായ ചർച്ചകൾ, അഭിപ്രായങ്ങൾ എന്നിവ അടിസ്ഥാനപ്പെടുത്തി 98 വില്ലേജുകളിലായി 8,590.69 ച.കി.മീ ഉൾപ്പെടുന്ന പരിഷ്കരിച്ച ESA നിർദ്ദേശം സംസ്ഥാനം തയ്യാറാക്കി കേന്ദ്ര സർക്കാരിന് 24/09/2026-ൽ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ജനവാസ കേന്ദ്രങ്ങളും, കൃഷിയിടങ്ങളും, സ്വകാര്യ തോട്ടഭൂമികളും, ESA പരിധിയിൽ നിന്നും ഒഴിവാക്കണമെന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. കരട് വിജ്ഞാപനത്തിൽ ഉൾക്കൊള്ളിച്ചിട്ടുള്ള 131 ESA വില്ലേജുകളിൽ നിന്ന് 33 വില്ലേജുകളെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ടുള്ളതാണ് പരിഷ്കരിച്ച നിർദ്ദേശം.

**(ബി)** കേരളത്തിലെ പരിസ്ഥിതിലോല മേഖല ഏതൊക്കെ വില്ലേജുകളെ ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളത്; ഇക്കാര്യത്തിൽ കഴിഞ്ഞ സർക്കാർ വരുത്തിയതായി പറയപ്പെടുന്ന തെറ്റുകൾ തിരുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** 27.07.2026 ലെ കേന്ദ്ര കരട് വിജ്ഞാപനത്തിൽ കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെട്ടിരിക്കുന്നു.

സംസ്ഥാനത്തിന്റെ പരിഷ്കരിച്ച നിർദ്ദേശത്തിൽ 98 വില്ലേജുകളിലായി 8590.69 ച.കി.മീ. ESA ആയി നിർദ്ദേശിക്കുകയും 33 വില്ലേജുകൾ പൂർണ്ണമായും ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് പ്രകാരം തിരുവനന്തപുരം 5, കൊല്ലം 8, പത്തനംതിട്ട 7, കോട്ടയം 0, ഇടുക്കി 28, എറണാകുളം 1, തൃശ്ശൂർ 2, പാലക്കാട് 13, മലപ്പുറം 10, കോഴിക്കോട് 9, വയനാട് 12, കണ്ണൂർ 3 വില്ലേജുകളാണ് സംസ്ഥാന നിർദ്ദേശത്തിൽ ഉൾപ്പെടുന്നത്. മുൻകാല നിർദ്ദേശങ്ങളിലെ വില്ലേജ്/അതിർത്തി സംബന്ധമായ

വ്യത്യാസങ്ങൾ പരിഹരിക്കുന്നതിനായി GIS ഭൗമശാസ്ത്ര വിവരങ്ങളുടെ അടിസ്ഥാനത്തിലുള്ള പുനഃപരിശോധന, സ്ഥലപരിശോധന, ജില്ലാതല പരിശോധന, തദ്ദേശസ്ഥാപന തല പരിശോധന, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച പശ്ചിമഘട്ട ESA വിദഗ്ദ സമിതിയുമായുള്ള വിവിധ ഘട്ടങ്ങളിലെ ചർച്ചകൾ എന്നിവ നടത്തി, ജനവാസം, കൃഷി, പ്ലാൻ്റേഷൻ തുടങ്ങിയ സാംസ്കാരിക ഭൂപ്രദേശങ്ങൾ ESA പ്രദേശങ്ങളിൽ ഉൾപ്പെടാത്ത തരത്തിൽ, ESA അതിർത്തി വ്യക്തമായും കൃത്യമായും നിർണ്ണയിച്ചാണ് പരിഷ്കരിച്ച നിർദ്ദേശം 24.09.2026-ന് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**